എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി വിതരണം നടത്തുന്നതിന് 19-11-2014-ലെ സ.ഉ. (കൈ) നമ്പർ 83/2014/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. തെരഞ്ഞെടുത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസികളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ

19 (*529) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 2000 ഹെക്ടറിന് താഴെ ജലസേചനം ലഭ്യമാക്കുന്ന പദ്ധതികളെയാണ് ചെറുകിട ജലസേചന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കളങ്ങൾ, ചെക്ക് ഡാമുകൾ, വി.സി.ബി. കൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണ പ്രവൃത്തികളുമാണ് സാധാരണയായി ചെറുകിട ജലസേചന പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുതായി ആരംഭിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും നിലവിലുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെറുകിട ജലസേചന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിന്റെ ഭാഗമായി ഓരോ പദ്ധതികൊണ്ടും ഉദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. ഓരോ പദ്ധതികളുടെയും പൂർത്തീകരണത്തിനുശേഷം അവ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അപാകത കാണുന്ന മേഖലയിൽ ആവശ്യമായ അനന്തര നടപടികളും സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ 297054 ഹെക്ടർ സ്ഥലത്ത് ചെറുകിട ജലസേചന പദ്ധതികൾ മുഖേന ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള എല്ലാ ചെറുകിട ജലസേചന പദ്ധതികളുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം പ്രത്യേകം വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികളിലൂടെ ജലസേചനത്തോടൊപ്പം ജല സംരക്ഷണത്തിനും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. ചെറുകിട ജലസേചന പദ്ധതികൾ വികസിപ്പിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി നിലവിൽ പരിഗണനയിലില്ല.

ജനറിക് മരുന്നുകൾ കുറഞ്ഞവിലയ്ക്ക് നൽകാനുള്ള പദ്ധതി

20 (*530) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ)-യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly